

മധ്യതിരുവിതാംകൂറിലെ പമ്പാനദിയുടെ തീരത്തുള്ള ഇടയാറന്മുള ഗ്രാമത്തിൽ മൂത്താമ്പാക്കൽ തറവാട്ടിൽ കൊ. വ 1059 വൃശ്ചികം 22-ാം തീയതിയാണ് സാധു കൊച്ചുകുഞ്ഞ് ഉപദേശി ജനിച്ചത്.(വൃശ്ചികം 14-ാം തീയതിയാണ് ജനിച്ചത് എന്ന അഭിപ്രായവുമുണ്ട്.)

സൗമ്യനും നിർമ്മലഹൃദയനുമായ ഇട്ടിയായിരുന്നു പിതാവ്. വക്രത തൊട്ടുതാണ്ടീട്ടില്ലാത്ത ആ ശുദ്ധഗതിക്കാരൻ തികഞ്ഞ ദൈവ ഭക്തനായിരുന്നു. ഇടയാറന്മുള പേരിങ്ങോട്ടുപടിക്കൽ കുടുമ്പാംഗമായ മറയാമ്മയായിരുന്നു മാതാവ്. സാധുക്കളെ സഹായിക്കുന്നതിൽ ഇവർക്കുള്ള സന്മനസ്സ് പ്രസിദ്ധമാണ്. ഈ ദമ്പതികളുടെ കടിഞ്ഞൂൽ സന്താനം ഒരാൺകുട്ടിയായിരുന്നുവെങ്കിലും രണ്ടര വയസുള്ളപ്പോൾ ആറ്റിൽവീണ് അകാലചരമം പ്രാപിച്ചു. തുടർന്ന് ആറു പുത്രികൾക്കു ജന്മം നല്കിയ ഈ ദമ്പതികൾക്ക് ഒരു മകനെ ലഭിക്കുന്നതിനു നെടുനാളത്തെ പ്രാർത്ഥനയുടെ ഫലമായി ജനിച്ച മകനാണ് കൊച്ചുകുഞ്ഞ്. അതുകൊണ്ടുതന്നെ സഹോദരിമാരുടേയും മാതാപിതാക്കളുടേയും വാത്സല്യഭാജനമായി വളരുന്നതിന് ഭാഗ്യം സിദ്ധിച്ചു.

കൊച്ചുകുഞ്ഞിന്റെ സ്കൂളിലെ പേര് എം.ഐ. വറുഗീസ് എന്നായിരുന്നു.ഇടയാറന്മുള കുന്നുംപുറത്ത് എം.റ്റി.എൽ.പി. സ്കൂളിലാണ് കൊച്ചുകുഞ്ഞിന്റെ പ്രാഥമിക വിദ്യാഭ്യാസത്തിനു ഹരിശ്രീ കുറിച്ചത്. മഹാകവി കെ.വി. സൈമന്റെ ജ്യേഷ്ഠ സഹോദരനും, തികഞ്ഞ പണ്ഡിതനും ആധ്യാത്മികാചാര്യനുമായിരുന്ന കുന്നുംപുറത്തു കെ.വി.ചെറിയാൻ സാറായിരുന്നു പ്രഥമാധ്യാപകൻ, അതുകൊണ്ട് ആധ്യാത്മികചൈതന്യം പ്രസരിച്ചിരുന്ന ഒരധ്യാപകന്റെ ശിക്ഷണത്തിൽ വിദ്യാഭ്യാസം ചെയ്യുന്നതിനു കൊച്ചുകുഞ്ഞിനുകഴിഞ്ഞു.

ശൈശവവിവാഹം നിലനിന്നിരുന്ന അക്കാലത്തു കൊച്ചുകുഞ്ഞിന്റെ വൃദ്ധരായ മാതാപിതാക്കൾക്ക് അവരുടെ ഏകമകൻ വിവിഹിതനായിക്കാണുവാൻ അതിയായി ആഗ്രഹിച്ചു. അങ്ങനെ പന്ത്രണ്ടാം വയസ്സിൽ കൊച്ചുകുഞ്ഞ് വിവാഹിതനായി. 1070-മാണ്ടു കുഭമാസത്തിൽ ളാക സെന്തോമസ് മാർത്തോമ്മാ പള്ളിയിൽ വച്ച് കുറിയന്നൂർ വട്ടപ്പന തോമസിന്റെ മകൾ ഏലിയാമ്മയെ വിവാഹം ചെയ്തു. പിന്നീടു കുന്നുംപുറത്തെ സ്കൂളിൽ അധികദിവസം പഠിച്ചില്ല, എങ്കിലും അവിടെ പഠനം അവിടെ അവസാനിച്ചില്ല. പമ്പാനദിക്ക് അക്കരെ പൂവത്തൂരിൽ രണ്ടു ക്ലാസ് മാത്രമുള്ള ഇംഗ്ലീഷ് സ്കൂളിൽ പഠനം തുടർന്നു. അവിടെ കൊച്ചുകുഞ്ഞ് തന്നെയായിരുന്നു ഒന്നാമൻ. കണക്കിൽ വേണ്ടത്ര താല്പര്യമില്ലാതിരുന്ന കൊച്ചുകുഞ്ഞ് മറ്റൊരു വിദ്യാർഥിയുടെ ഗൃഹപാഠം പകർത്തിയപ്പോൾ ഇക്കണക്കും നിനക്കറിഞ്ഞുകൂടെ എന്നു പരിഹാസസ്വരത്തിൽ ചോദിച്ചു. അഭിമാനക്ഷുഭിതനായ കൊച്ചുകുഞ്ഞ് ഏകാഗ്രപരിശ്രമത്തിലൂടെ ആ വിഷയത്തിലും ഒന്നാമനായിത്തീർന്നു. രണ്ടുവർഷത്തിനുള്ളിൽ സ്കൂൾ നിലച്ചുപോയതുകൊണ്ടു വിദ്യാഭ്യാസം ഔപചാരികമായി അവിടെ അവസാനിപ്പിക്കേണ്ടിവന്നു.

കൊച്ചുകുഞ്ഞിന്റെ പതിനഞ്ചാമത്തെ വയസിൽ മാതാവ് നിര്യാതയായി, ശരീരസുഖം വേണ്ടത്രയില്ലാതിരുന്ന പിതാവിനെ സഹധർമിണിയുടെ വിയോഗം കൂടുതൽ ക്ഷീണിതനാക്കി. അങ്ങനെ കുടുംബഭാരം കൊച്ചുകുഞ്ഞിനു ഏറ്റെടുക്കേണ്ടിവന്നു, കൃഷിയായിരുന്നു പ്രധാനജോലി. മൂത്താമ്പക്കൽ കുടുംബത്തിനു സ്വന്തം പുരയിടത്തിലും പാട്ടപുരയിടത്തിലും കൃഷിയുണ്ടായിരുന്നു. കടുത്ത സാമ്പത്തികക്ലേശം അന്നു കുടുംബത്തെ തളർത്തിയിരുന്നു. നാലു പെൺമക്കളെ വിവാഹം ചെയ്തയച്ചുകഴിഞ്ഞപ്പോൾ അവശേഷിച്ചതു മൂത്താമ്പക്കൽ പുരയിടവും കുറെ കടവും മാത്രമായിരുന്നു. വീട്ടുചിലവുകൾ നടത്തുക, കൃഷികാര്യങ്ങൾ അന്വേഷിക്കുക തുടങ്ങിയവയെല്ലാം കൊച്ചുകുഞ്ഞിന്റെ ചുമലിലായി. പഠിക്കുവാനുള്ള തൃഷ്ണ കെട്ടടങ്ങിയിട്ടില്ലാത്ത കൊച്ചുകുഞ്ഞ്, കൃഷിപ്പണിക്കിടയിൽ കിട്ടുന്ന വിശ്രമവേളകളിൽ വൃക്ഷത്തണലിലിരുന്നു പുസ്തകം വായിക്കുമായിരുന്നു.

കൃഷിയും കച്ചവടവും മാത്രമായി ജീവിതം തള്ളിനീക്കുകയായിരുന്നില്ല, കൊച്ചുകുഞ്ഞിന്റെ ജീവിതലക്ഷ്യം. നന്നേചെറുപ്പത്തിൽത്തന്നെ അദ്ദേഹം ക്രിസ്തുവിനെ സ്വന്തം രക്ഷിതാവായി സ്വീകരിച്ചു. പതിന്നൊന്നു വയസ്സുള്ളപ്പോൾ, ഇടവകപള്ളിയിൽ നടന്ന യോഗത്തിൽ ക്രിസ്തു എന്റെ പാപങ്ങൾ മോചിച്ചിരിക്കുന്നുവെന്നു സാക്ഷ്യം പറഞ്ഞു. യോഗനടത്തിപ്പുകാരിൽ ഒരാൾ നിന്റെ പാപം എന്താണു കുഞ്ഞേ എന്നു ചോദിച്ചപ്പോൾ എന്താണു പറയേണ്ടതെന്നറിയാതെ ഒരു നിമിഷം വിവർണനായി നിന്നുവെങ്കിലും മാതാപിതാക്കളെ അനുസരിക്കാതിരുന്നത് എന്നു തിടുക്കത്തിൽ മറുപടി കൊടുത്തു. പതിനേഴുവയസ്സായപ്പോഴേക്കും കൊച്ചുകുഞ്ഞ് സുവിശേഷപ്രവർത്തനത്തിനു വേണ്ടി സ്വയം സമർപ്പിതനായി.

കൊച്ചുകുഞ്ഞിന്റെ ഇരുപതാമത്തെ വയസ്സിൽ പിതാവു മരണമടഞ്ഞു. ഇതിനോടകം കൊച്ചുകുഞ്ഞ് പിതാവായിതീർന്നിരുന്നു, പിന്നീടു ജീവിക്കാനുള്ള സമരമായിരുന്നു. കൃഷികൊണ്ടുമാത്രം ജീവിക്കാൻ കഴിയാതിരുന്ന കൊച്ചുകുഞ്ഞ് ജൗളിക്കച്ചവടം ആരംഭിച്ചു. ദയാർദ്രമനസായിരുന്ന അദ്ദേഹത്തിന് ആ രംഗത്തു കുറേ കടം മാത്രമാണ് ശേഷിച്ചത്. ഒരിക്കൽ വിവാഹത്തോടനുബന്ധിച്ചു തുണിത്തരങ്ങൾ കടം വാങ്ങിയ ഒരാൾ വിവാഹം കഴിഞ്ഞു വർഷങ്ങൾ കഴിഞ്ഞിട്ടും ഒരു പൈസാപോലും തിരികെകൊടുത്തില്ല. ഇതിനിടയ്ക്ക് അടുത്തുള്ള ഒരു സ്കൂളിൽ അധ്യാപകവൃത്തിയിലും ഏർപ്പെട്ടു, അവിടെയും അധികം തുടർന്നില്ല.

പകൽ മുഴുവൻ എല്ലുമുറിയെ പണിയെടുത്തിരുന്ന കൊച്ചുകുഞ്ഞ്, വൈകിട്ടു റാന്തൽ വിളക്കുമായി സുവിശേഷ പ്രവർത്തനത്തിനിറങ്ങും. പ്രാർത്ഥനാകൂട്ടങ്ങൾ നടത്തുക, കുട്ടികൾക്കുവേണ്ടി യോഗം ക്രമീകരിക്കുക, സൺഡേസ്കൂൾ അധ്യാപനം നടത്തുക തുടങ്ങി ഇടവകയിലെ ആത്മീയപ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തിരുന്നു. കരിമ്പിനു ജോലി ചെയ്യാൻ പോകുമ്പോൾ അടുത്തപറമ്പിലെ കരമ്പു വീണു കിടക്കുന്നതു കണ്ടാൽ അതു നേരെ ആക്കിയിട്ടേ തന്റെ ജോലി ചെയ്യുകയുള്ളൂ. ജോലി ചെയ്യാൻ വരുമ്പോൾ തന്റെ തലയിലുള്ള തൊപ്പിയിൽ വേദപുസ്തകഭാഗങ്ങൾ വച്ചിരിക്കും. വിശ്രമസമയത്ത് അവ വായിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തിരുന്നു.

ഇടവക പ്രവർത്തനങ്ങളിൽ ബന്ധപ്പെട്ടിരുന്ന കൊച്ചുകുഞ്ഞിനു കൂട്ടായിരുന്നതു ദിവ്യശ്രീ ആനിക്കാട് തോമസ് കശീശായും കെ.വി. സൈമൺ സാറുമായിരുന്നു. ഇവരുടെ പ്രവർത്തനത്തിന്റെ വേദിയായിരുന്നു ഈ.സി.എഫ്. യൂണിറ്റി (ഇടയാറന്മുള ക്രിസ്ത്യൻ ഫെലോഷിപ്പ് യൂണിറ്റി). രണ്ടുമൂന്നു വർഷങ്ങളായി സംഘടിത പ്രവർത്തനം നടന്നിരുന്നുവെങ്കിലും ഒരു സംഘടനയായി രൂപപ്പെട്ടത് കൊ.വ.1081-ലാണ്. പതിനേഴ് അംഗങ്ങളുണ്ടായിരുന്ന സംഘടനയുടെ ചെയർമാൻ കെ.വി. സൈമണും സെക്രട്ടറി കൊച്ചുകുഞ്ഞുമായിരുന്നു. സമീപ പ്രദേശങ്ങളായ കിടങ്ങന്നൂർ, നാൽക്കാലിക്കൽ, മെഴുവേലി, മാലക്കര, കുഴിക്കാല, പരപ്പുഴ തുടങ്ങിയ

സ്ഥലങ്ങളിൽ പല പ്രാവിശ്യം പരസ്യയോഗങ്ങൾ ക്രമീകരിച്ചു. ഭവനസന്ദർശനമാണ് സംഘടനയുടെ മറ്റൊരു മുഖ്യ പരിപാടി. ഇടവകയുടെ വിവിധ ഭാഗങ്ങളിൽ ധാരാളം രാത്രിയോഗങ്ങളും നടത്തിയിരുന്നു. ഇത്തരം സംഘടിത പ്രവർത്തനങ്ങൾ, അനേകം പേരുടെ മാനസാന്തരത്തിനും, ക്ഷീണത വിശ്വാസികളുടെ ശക്തീകരണത്തിനും ഇടയായിട്ടുണ്ട്.

കൊച്ചുകുഞ്ഞ് ദിവസവും മണിക്കൂറുകൾ പ്രാർത്ഥനയിൽ ചെലവഴിച്ചിരുന്നു, പ്രാർത്ഥനക്കുശേഷമേ ഏതു കാര്യവും തീരുമാനിക്കുകയുള്ളൂ. ദൈവകരങ്ങളിൽ സ്വയം സമർപ്പിക്കുന്നതിനു തീരുമാനം എടുത്തതും ആ നിമിഷങ്ങളിൽത്തന്നെ.

വ്യക്തമായ ദർശനവും ലക്ഷ്യവുമുണ്ടായിരുന്ന കൊച്ചുകുഞ്ഞിന്റെ ജീവിതം കടുത്ത സംഘർഷങ്ങളുടെയും പരിശോധനകളുടെയും തീച്ചൂളയായിരുന്നു. കുടുംബത്തിന്റെ ഭാരവും അധ്വാനത്തിന്റെ ക്ഷീണവും ഒരുവശത്ത്, സുവിശേഷഘോഷണത്തിനുവേണ്ടിയുള്ള വെമ്പലും വേദനയും മറുവശത്ത്. ദാരിദ്ര്യം വീട്ടിൽ തേർവാഴച നടത്തി. ബാഹ്യലോകവുമായയുണ്ടായിരുന്ന സമസ്തബന്ധങ്ങളും വിച്ഛേദിക്കപ്പെട്ടു. വെളിച്ചമധികം കടന്നുചെല്ലാത്ത ഒരു നിലവറയിലായിരുന്നു താമസം. ഭാര്യയും മക്കളും അവരുടെ വീട്ടിലേക്കു പോയി, ആരും സഹായത്തിനില്ല, നാട്ടുകാരും വീട്ടുകാരും പരിഹസിച്ചു. ഇതിനിടയിൽ രണ്ടാമത്തെ മകൻ ശമുവേൽകുട്ടി മരിച്ചു. കൊച്ചുകുഞ്ഞിന്റെ ജീവിതത്തിലെ ഏറ്റവും വലിയ ആഘാതമായിരുന്നു അത്. പുത്രന്റെ ജീവനുവേണ്ടി പ്രാർഥിച്ചു എന്നാൽ ദൈവഹിതം അതല്ലന്ന് ഒടുവിൽ മനസിലാക്കി. ദുഃഖത്തിന്റെ പാനപാത്രം കർത്താവ് തന്റെ കരങ്ങളിൽ ഏൽപ്പിക്കുകയാണന്ന് അദ്ദേഹത്തിനു ബോധ്യമായി, സന്തോഷപൂർവ്വം ആ പാനപാത്രം കൈനീട്ടി വാങ്ങി. ആ കാലഘട്ടത്തെ ബാഖായുടെ ദിവസങ്ങൾ (കണ്ണുനീരിന്റെ ദിനങ്ങൾ) എന്നാണ് അദ്ദേഹം വിശേഷിപ്പിച്ചതു.

ജീവിതസുഖങ്ങളോടു സാധു കൊച്ചുകുഞ്ഞിനുണ്ടായ വിരക്തി, ഭക്തിജീവിതത്തോടുള്ള ആസക്തിയിൽ നിന്നും ഉറവെടുത്തതാണ്. ഭക്ഷണകാര്യത്തിൽ പാലിച്ചിരുന്ന നിയന്ത്രണം അതികഠിനമായിരുന്നു. ഏതെങ്കിലും ഒരു ഭക്ഷണപദാർഥത്തിൽ താൽപര്യമുണ്ടന്നു മനസിലായാലുടനെ അതു വർജ്ജിച്ചിരുന്നു. പകൽസമയത്തു വെള്ളംപോലും കുടിക്കാതെ പൂർണ്ണമായി ഭക്ഷണം വർജ്ജിച്ചു. ഒരുനേരം മൂന്നിനത്തിൽ കൂടുതൽ ഭക്ഷിക്കുമായിരുന്നില്ല. ഒരു മാസം പത്തൊമ്പതു നേരം മാത്രമേ ഭക്ഷണം കഴിച്ചിരുന്നുള്ളൂ. അതും ഒന്നോ രണ്ടോ പിടി ചോറുമാത്രം. മത്സ്യമാംസാദികൾ കഴിക്കാറില്ല, രാത്രി പത്തുമണിക്കുശേഷമേ ഭക്ഷണം കഴിക്കുകയുള്ളൂ. ഒമ്പതുദിവസം ഭക്ഷണം കഴിച്ചാൽ പത്താമത്തെ ദിവസം രാത്രിയിൽ വെറും വെള്ളം മാത്രം കുടിക്കും. വ്യാഴം മുതൽ ഞായർ വരെ ദിവസങ്ങളിൽ ആകെ രണ്ടുനേരമേ ഭക്ഷണം കഴിക്കാറുള്ളൂ. ആ ദിവസങ്ങളിൽ ഇരുപതു പ്രസംഗങ്ങളോളം ചെയ്തിരിക്കും. മുപ്പതുവയസ്സിനു മുമ്പു സ്വീകരിച്ച ഈ ജീവിതനിഷ്ഠകൾ മുപ്പതിൽപ്പരം വർഷം പാലിച്ചു. ശരിയായി ഭക്ഷണം കഴിച്ചാൽ കുറേക്കൂടി ശക്തിയോടെ വേലചെയ്യാമല്ലോ എന്ന് ഒരാൾ ചോദിച്ചപ്പോൾ അങ്ങനെയാണങ്കിൽ കൊച്ചുകുഞ്ഞ് മാത്രമേ കാണുകയുള്ളൂ എന്നായിരുന്നു സാധുവിന്റെ മറുപടി.

പ്രേഷിതവൃത്തിയിൽ വ്യാപൃതനായതോടുകൂടിയാണ് കൊച്ചുകുഞ്ഞ് ഉപദേശി സാധു കൊച്ചുകുഞ്ഞ് ഉപദേശി എന്ന പേരിൽ പ്രസിദ്ധനായത്, തികച്ചും ലളിതമായ ആ ജീവിതം സാധു വിന്റെ നാമം അക്ഷരാർഥത്തിൽ അന്വർഥമാക്കുന്നു.

വെള്ള ഷർട്ടും വെള്ള മുണ്ടും വെള്ള നേരിയതും മാത്രമേ സാധു ധരിക്കാറുള്ളൂ. മുണ്ടിനു കരപോലും പാടില്ലന്ന് നിർബന്ധമുണ്ട്. ആവശത്തിലധികം വസ്ത്രം കരുതിവെക്കാറുമില്ല. ഞായറാഴ്ച ജോലിചെയ്യില്ലന്നുമാ

ത്രമല്ല കൂലിവണ്ടിയിൽ കയറുകപോലും ചെയ്തിരുന്നില്ല. ഒരിക്കൽ മദ്രാസിൽ സമ്മേളനത്തിൽ പ്രസംഗക്കുന്നതിന് സാധു ക്ഷണിക്കപ്പെട്ടു, ഞായറാഴ്ച് ആയതുകൊണ്ട് ധാരാളം പേർ വന്നുകൂടിയിട്ടുണ്ട്. അരമണക്കൂർ വൈകിയാണ് സാധു സമ്മേളനത്തിനു എത്തിച്ചേർന്നത്. നഗരത്തിലെ തിരക്കിനിടയിലൂടെ മൂന്നു മൈൽ നടന്നാണെത്തയത്. ഞായറാഴ്ച ആചരണത്തിൽ ഒരു വിട്ടുവീഴ്ചക്കും സാധു തയ്യാറായിരുന്നില്ല.

സ്വതന്ത്ര സഭാവിഭാഗങ്ങളായ ബ്രദറൺ, പെന്തക്കോസ്ത്, യൂയോമയ സഭകൾ കേരളത്തിൽ ചുവടുറപ്പിക്കുന്ന സമയത്ത് സാധു കൊച്ചുകുഞ്ഞിന്റെ ഉറ്റ സുഹൃത്തായിരുന്ന കെ.വി. സൈമൺ ബ്രദറൺ സഭയിൽ ചേർന്നു. എന്നാൽ താൻ ജനിച്ചുവളർന്ന മാർത്തോമ്മാ സഭയിൽത്തന്നെ ഉറച്ചുനിന്നുകൊണ്ട് സുവിശേഷപ്രഘോഷണം നടത്തണമെന്നായിരുന്നു സാധുവിന്റെ ഉറച്ച നിലപാട്. മാർത്തോമ്മാ മെത്രാപ്പോലീത്ത തിരുമനസുകൊണ്ടു സഭയുടെ എല്ലാ ഇടവകകളിലും സഞ്ചരിച്ചു സുവിശേഷം പ്രസംഗിക്കുന്നതിനു കൊ.വ 1091-ാംമാണ്ടു കന്നിമാസം 20-ാം തീയതി 17-ാം നമ്പർ കല്പനയിലൂടെ സാധു കൊച്ചുകുഞ്ഞിന് അനുമതി നല്കി.

സാധുവിന്റെ പ്രസംഗം കേൾക്കാത്തവരായി ആ നാട്ടിൽ അധികമാരും ഉണ്ടായിരുന്നില്ല. പ്രസംഗം ഉണ്ടെന്നറിഞ്ഞാൽ ജനങ്ങൾ സഭാവ്യത്യാസമെന്യേ തിങ്ങിക്കൂടും. സാധാരണയായി വ്യാഴം മുതൽ ഞായർവരെയായിരിക്കും യോഗം ക്രമീകരിക്കുക മറ്റു ദിവസങ്ങളിൽ വീട്ടിൽ മടങ്ങിയെത്തി വായനയിലും പ്രാർത്ഥനയിലും മുഴുകിയിരിക്കും. പ്രസംഗമുള്ള ദിവസങ്ങളിൽ രാവിലെ 7.30-ന് ആരംഭിക്കുന്ന പരിപാടി അവസാനിക്കുന്നതു രാത്രി പന്ത്രണ്ടുമണിക്കായിരിക്കും. രാവിലെ കുട്ടികളുടെ യോഗം, പിന്നീടു ബൈബിൾ ക്ലാസ്, പത്തുമണിക്കു പെതുയോഗം, പിന്നീടു 2.30-ന് പൊതുയോഗം, നാലുമണിക്ക് പരസ്യയോഗം, രാത്രി എട്ടുമണിക്കു വീണ്ടും പൊതുയോഗം ഇത് പന്ത്രണ്ടുമണിവരെ ദീർഘിച്ചിരിക്കുന്നത് അസാധാരണമായിരുന്നില്ല, ഇങ്ങനെ നാലു ദിവസത്തിനുള്ളിൽ ഇരുപതിലധികം പ്രസംഗങ്ങൾ ചെയ്തിരിക്കും, തിരുവചനത്തിന്റെ ഉറപ്പുള്ള അടിത്തറ സാധുവിന്റെ പ്രസംഗത്തിനു കരുത്തേകിയിരുന്നു.

സാധു കൊച്ചുകുഞ്ഞിന്റെ പ്രസംഗവേദി ആത്മീയ ഉണർവിന്റെ പ്രഭാവലയംകൊണ്ട് അനുഗ്രഹീതമായിരുന്നു. ആത്മീയ ഉണർവ് എന്നു പറയുമ്പോൾ വികാരാവേശ പ്രകടനങ്ങളൊന്നുമായിരുന്നില്ല. അദ്ദേഹത്തിന്റെ ഗീതങ്ങൾ ഉണർവ് ജ്വലിപ്പിക്കുന്നവയായിരുന്നു. ലൗകിക ജീവിതത്തിന്റെ നിസ്സാരതയും ക്രിസ്തുവിന്റെ പുനരാഗമനത്തിലുള്ള പ്രത്യാശയുമാണ് ഗീതങ്ങളിൽ നിറഞ്ഞു നില്ക്കുന്നത്.

ഉണർവിന്റെ പ്രധാന ലക്ഷ്യം

1. അഗാധമായ പാപബോധം

2. പരിശുദ്ധാത്മാവിലുള്ള സന്തോഷം

3. രക്ഷിക്കപ്പെടാത്തവരെക്കുറിച്ചുള്ള ഉള്ളുരുക്കം

4. ശക്തിയേറിയ സാക്ഷ്യം എന്നിവയായിരുന്നു.

അഗാധമായ പാപബോധമുണ്ടാകുമ്പോൾ ജനങ്ങൾ നിലവിളിയോടെ പാപം ഏറ്റു പറയുകയും വിദ്വേഷികളായിരുന്നവർ കെട്ടിപ്പിടിച്ചു പരസ്പരം ക്ഷമ ചോദിക്കുകയും ചെയ്തിരുന്നു.

മദ്യപാനത്തിലും, മ്ലേച്ഛപാപങ്ങളിലും, ക്ഷുദ്രകർമ്മങ്ങളിലും, വെറിക്കൂത്തുകളിലും, കേഡി സെറ്റുകളിലും, സെൻട്രൽ ജയിലിലും തങ്ങളുടെ ആയുസ്സിന്റെ നല്ല ഭാഗങ്ങളെ ചെലവഴിച്ചവരായ അനേകർ ആത്മീയ ഉണർവു ലഭിച്ചവരായി കണ്ണുനീരോടും മാറത്തടിയോടുംകൂടെ തങ്ങളുടെ പാപങ്ങളെക്കുറിച്ച് അനുതപിച്ചു കർത്താവിനെ രക്ഷിതാവായി സ്വീകരിച്ചു. മന്ത്രവാദികളായ ചില യൗവനക്കാർ തങ്ങളുടെ ഗ്രന്ഥങ്ങളെ അഗ്നിയിൽ ദഹിപ്പിക്കുകയും മോഷ്ടിച്ചും അപഹരിച്ചും എടുത്തിട്ടുള്ള അനേക സാധനങ്ങൾ തിരികെക്കൊടുക്കുകയും അനേക വഴക്കുകളും തർക്കങ്ങളും മറ്റും യോജിപ്പിൽ തീരുകയും ചെയ്തിട്ടുണ്ട്.

സാധു കൊച്ചുകുഞ്ഞിന്റെ പ്രസംഗങ്ങളധികവും സാധാരണ ജനങ്ങളെ ലക്ഷ്യമാക്കി ലളിതമായ ഭാഷയിൽ കഥകളും, സംഭവവിവരങ്ങൾകൊണ്ടും സമ്പന്നമായിരുന്നു. ഫലിതപ്രയോഗങ്ങൾ പ്രസംഗശൈലിക്ക് ആകർഷകത്വം പകർന്നിരുന്നു ഒപ്പം ആത്മാവിലേക്ക് ഒഴുകിയെത്തുന്ന ഗാനങ്ങളും. ശ്രോതാക്കളുടെ മനസ്സും ശരീരവും ഉണർത്താൻ പ്രസംഗമദ്ധ്യേ പല പൊടിക്കൈകളും പ്രയോഗിക്കാറുണ്ട്.

കുമ്പനാട്ടു വച്ചു നടന്ന ഒരു യോഗത്തിൽ ഒരാഴ്ചയ്ക്കകം  കർത്താവ് വരികയില്ലെന്നു ആർക്കെങ്കിലും ധൈര്യമായി പറയാമെങ്കിൽ ആശ്വാസഗീതങ്ങൾ ഒരു കോപ്പി സൗജന്യം എന്നു വാഗ്ദാനം ചെയ്തു. ഒരാൾ ധൈര്യമായി എഴുന്നേറ്റ്വന്ന് പാട്ടുപുസ്തകം വങ്ങി. ആ വർഷത്തെ മാരാമൺ കൺവൻഷന് പന്തൽ ഇടാൻ ഈറ്റ കൊണ്ടുവരാൻ ഏറ്റിരുന്ന ആളാണ്. ഒരാഴ്ചയ്ക്കകം കർത്താവ് വരുമായിരുന്നെങ്കിൽ യോഗഭാരവാഹികൾതന്നെ ഭരമേല്പിക്കുകയില്ലായിരുന്നുവെന്നായിരുന്നു അയാളുടെ വാദം.

ളാക സെന്തോമസ് പള്ളിയിൽ നടന്ന മറ്റൊരു യോഗത്തിൽ മനുഷ്യജീവിതത്തിന്റെ അസ്ഥിരതയെക്കുറിച്ച് വാചാലനായി പ്രസംഗിക്കുന്നതിനിടയിൽ ശ്രോതാക്കളോട് ഒരു ചോദ്യം ഉന്നയിച്ചു മുപ്പതു ദിവസത്തിനകം ഞാൻ മരിക്കുകയില്ലെന്നു പറയാൻ ആർക്കെങ്കിലും ധൈര്യമുണ്ടോ എങ്കൽ ഈ ടോർച്ച് ലൈറ്റ് വെറുതെ കൊടുക്കാം ഒരു യുവാവ് മുന്നോട്ടു വന്ന് ഒരു മാസത്തിനുള്ളിൽ മരിക്കുകയില്ലെന്നു പറഞ്ഞ് ഉപദേശിയുടെ കൈയിൽനിന്നും ടോർച്ച് ലൈറ്റ് വാങ്ങി മടങ്ങി.

പ്രേക്ഷിത പ്രവർത്തനത്തിൽ സാധു കൊച്ചുകുഞ്ഞ് സ്വീകരിച്ച പ്രധാന മാധ്യമം പ്രസംഗവേദിയായിരുന്നു എന്നാൽ അതിൽ മാത്രം ഒതുങ്ങിനിൽക്കുന്നതായിരുന്നില്ല സാധുവിന്റെ പ്രവർത്തനം. ജീവിതത്തിന്റെ സമസ്തമേഖലകളും പ്രേക്ഷിതമേഖലയായി അദ്ദേഹം കരുതിയിരുന്നു. ആത്മീയതയിൽ മുഴുകി ഭൗതിക യാഥാർത്ഥ്യങ്ങളെ വിസ്മരിച്ചിരുന്നില്ല. സാമൂഹിക പ്രവർത്തനം ലക്ഷ്യമാക്കി സ്ത്രീധന ത്യാഗപ്രസ്ഥാനത്തിനു രൂപം നല്കി. കൂടാതെ ദ്രവ്യാഗ്രഹത്തിനും ചൂഷണത്തിനും അനീതിക്കുമെതിരെ തന്റെ നിലപാട് വ്യക്തമാക്കുന്ന മൂന്നു കൃതികളും രചിച്ചിട്ടുണ്ട്.

സ്ത്രീധനത്യാഗം

ലേലച്ചിട്ടിദോഷം

വ്യാപാരധർമ്മം

കേരള ക്രൈസ്തവരുടെയിടയിൽ ഉണ്ടായിരുന്ന ഒരേർപ്പാടാണു വിവാഹത്തോടനുബന്ധിച്ചുള്ള സ്ത്രീധനസമ്പ്രദായം. അൺമക്കളും പെൺമക്കളും പിതൃസ്വത്തിനു തുല്യ അവകാശികളാണ്. പിതൃസ്വത്തു വിഭജിച്ചു പോകാതിരിക്കുന്നതിനുവേണ്ടി പെൺകുട്ടിയുടെ അവകാശം വിവാഹസമയത്തു പണമായി നൽകുന്ന രീതിയാണ് സ്ത്രീധനസമ്പ്രദായത്തിന്റെ തുടക്കം. സ്ത്രീധനത്തിനു വകയില്ലാതെ വിവാഹം നടക്കാതെ

പെൺകുട്ടികളും, പറഞ്ഞൊത്ത തുക കൊടുത്തു തീർക്കാനാവാതെ വീട്ടിൽ വിധവകളെപ്പോലെ കഴിയേണ്ടി വന്ന സ്ത്രീകളും അക്കാലത്തു കുറവല്ല. ഈ ദുഷിച്ച സമ്പ്രദായത്തിന് അറുതിവരുത്തുന്നതിനു സാധു സ്ത്രീധനത്യാഗപ്രസ്ഥനം ആരംഭിച്ചു. സമൂഹ മനഃസാക്ഷി ഉണർത്തുന്നതിനുള്ള സംഘടിത ശ്രമത്തിനു തുടക്കം കുറക്കുകയായിരുന്നു.

ലേലച്ചിട്ടിയുടെ പേരിൽ അക്കാലത്ത് സാധാരണ ജനങ്ങൾ സമ്പന്നവർഗ്ഗത്തിന്റെ ചൂഷണത്തിനു വിധേയരായിരുന്നു. കിടപ്പാടം പണയംവച്ചു ചിട്ടിലേലത്തിൽ വിളിച്ചു വഴിയാധാരമായ എത്രയോ പാവപ്പെട്ട കുടുംബങ്ങളുണ്ട്, അവരുടെ ദയനീയ ചിത്രം സാധുവിന്റെ മനസ്സിൽ പതിഞ്ഞിരുന്നു. സമ്പത്തും അധികാരവുമുണ്ടെങ്കിൽ എന്തും നേടാം എന്നു കണക്കാക്കിയിരുന്ന കാലഘട്ടത്തിൽ, സമ്പന്നതയുടെ ഉരുക്കുകോട്ടകൾക്കെതിരെ ധീരതയോടെ പ്രവർത്തിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു.

വ്യാപാരത്തിന്റെ മാന്യതയും ആവശ്യകതയും അംഗീകരിച്ചുകൊണ്ടാണ് വ്യാപാരധർമ്മത്തിനു തുടക്കമിടുന്നത്. ഒരു സാധനം അത് ആവശ്യമുള്ള വേറൊരാത്തനു കൊടുപ്പാൻ മധ്യത്തിൽനിന്ന് ഒരുവനിൽനിന്നു വാങ്ങി മറ്റൊരുവനു കൊടുത്ത് മധ്യസ്ഥതവഹിക്കുന്നവരാണ് കച്ചവടക്കാർ. എന്നാൽ അത് ക്രൈസ്തവ ധർമ്മം അനുഷ്ഠിക്കുന്നതിനു വിഘാതമായി നിൽക്കുന്ന മേഖലയായി മാറിയിരിക്കുന്നു. ഒരു സത്യക്രിസ്ത്യാനി വ്യാപാരരംഗത്തു എങ്ങനെയായിരിക്കണമെന്ന് സാധു നമ്മളെ പഠിപ്പിക്കുന്നു, ഒരു വ്യാപാരി ലോകത്തിനു നന്മചെയ്യുന്ന ഒരു ശുശ്രൂഷകൻ ആയിരിക്കണം, പരമനിഷ്ഠനായിരിക്കണം, സൗമ്യശീലനായിരിക്കണം, വ്യാജപ്പകിട്ടുകാരനായിരിക്കരുത്, ദയാർദ്രമാനസനായിരിക്കണം, സൂക്ഷ്മദൃഷ്ടി ഉള്ളവനായിരിക്കണം, സുവിശേഷകനായിരിക്കണം.

സാധുക്കളോടുള്ള സഹാനുഭൂതികൊണ്ടു സാധുവിന്റെ ഹൃദയം സമ്പന്നമായിരുന്നു, തന്റെ നാട്ടിൽ ആരും പട്ടിണി കിടക്കരുതെന്ന് അദ്ദേഹത്തിനു നിർബന്ധമുണ്ടായിരുന്നു. പട്ടിണിക്കാർക്ക് അരിയും സാധനങ്ങളും കൊണ്ടെത്തിച്ചിരുന്നു, ആവശ്യക്കാർക്ക് കടയിൽ ഏർപ്പാടു ചെയ്തിരിക്കും. പുരമേയുന്നതിനു ബുദ്ധിമുട്ടുള്ളവർക്കും പെൺമക്കളെ വിവാഹം ചെയ്തയക്കുന്നതിനു വിഷമിക്കുന്നവർക്കും സഹായം ചെയ്തിരുന്നു.

ഒരിക്കൽ രാത്രിയിൽ ഒരു ബാലൻ നനഞ്ഞൊലിച്ചു പോകുന്നതു സാധുവിന്റെ ശ്രദ്ധയിൽപ്പെട്ടു. പല ഭവനങ്ങളിൽ കയറിയിറങ്ങിയ അവന് ആരും ആശ്രയമേകിയില്ല. സാധു അവനെ കുടക്കീഴിലാക്കി ചേർത്തു പിടിച്ചു വീട്ടിൽ കൊണ്ടുപോയി കുളിപ്പിച്ചു വസ്ത്രം നല്കി, ആഹാരവും, കിടക്കുന്നതിന് കട്ടിലും പായും നൽകി.

തെക്കൻ തിരുവിതാംകൂറിൽ കോളറ പടർന്നുപിടിച്ച ഘട്ടത്തിൽ ഓരോ വീട്ടിലും മൂന്നും നാലും പേർ മരണമടഞ്ഞു ഇതറിഞ്ഞ സാധുവും സഹപ്രവർത്തകരും രോഗികളുടെ ഭവനത്തിലെത്തി അവരെ പരിചരിക്കുകയും, മൃതശരീരങ്ങൾ മറവു ചെയ്യുകയും ചെയ്തു. കൂടതെ അനാഥകുഞ്ഞുങ്ങൾക്കുവേണ്ടി മാർത്താണ്ഡത്ത് ഒരനാഥശാലയും സ്ഥാപിച്ചു. തെക്കൻ തിരുവിതാംകൂറിൽ പ്രവർത്തിച്ചവരിൽ ഒരാളാണ് കോട്ടയം എം.റ്റി. സെമിനാരി അദ്യാപകൻ സി.എം.ജോൺ (പിന്നീടു യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ)

അനാഥരെയും വിധവമാരേയും പരദേശികളേയും പരിരക്ഷിക്കുക ക്രൈസ്തവ ധർമാനുഷ്ഠാനത്തിന്റെ പ്രധാന ഭാഗമായി സാധു കരുതിയിരുന്നു. അനാഥ സംരക്ഷണകേന്ദ്രങ്ങളില്ലാതിരുന്ന അക്കാലത്തു സാധു ഒരു മാർഗദർശിയായിരുന്നു. കൊ.വ. 1098-മാണ്ടിനടുത്താണ് ആദ്യ അനാഥശാല അദ്ദേഹം സ്ഥാപിച്ചത്. വിവിധ ജാതിമതസ്ഥരായ അനേകം ബാലികാ ബാലന്മാരെ അദ്ദേഹം അനാഥാലയങ്ങളിലൂടെ പോറ്റിപ്പു

ലർത്തി. അനാഥസംരക്ഷണത്തിനു തുടക്കമിട്ടത് ആദ്യം വീട്ടിൽത്തന്നെയായിരുന്നു. അവിടെ സ്ഥലസൗകര്യം തികയാതെ വന്നപ്പോൾ മറ്റു പലയിടത്തും താമസക്രമീകരണങ്ങൾ ചെയ്തു. ഇടയാറന്മുള മാത്രമല്ല, കീഴ്വായിപ്പൂര്, കുറിയന്നൂർ, കലയപുരം, മാർത്താണ്ഡം എന്നിവടങ്ങളിലും അനാഥാലയങ്ങളും സ്ഥാപിച്ചിട്ടുണ്ട്. നിരാലംബരായ വൃദ്ധന്മാരെ സംരക്ഷിക്കുന്നതിന് ഒരു വയോവൃദ്ധ മന്ദിരവും സ്ഥാപിച്ചു. പല സ്ഥലങ്ങളിലും ആശ്രമവും അനാഥശാലയും ഒരേ കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നത്.

**സാധു സ്ഥാപിച്ച ആശ്രമങ്ങൾ**

ഇടയാറന്മുള ബേത്‌ലഹേം

കലയപുരം സീയോൻ

ഉതിമൂട് ഒലിവ്

നെല്ലിക്കമൺ എബനേസർ

അയിരൂർ കർമേൽ

വെണ്ണിക്കുളം താബോർ

തിരുനൽവേലി ഗലീലിയപുരം

മാർത്താണ്ഡം ബേത്‌ലഹേം

വെണ്മണി ഗിൽഗാൽ

കുഴിക്കാലാ റോമോത്

ഉമയാറ്റുകര ഹെബ്രോൻ

സാമ്പത്തിക പരാധീനതമൂലം വിദ്യാഭ്യാസം ലഭിക്കുന്നതിനു മാർഗമില്ലാതിരുന്നവരെ മുന്നിൽ കണ്ടുകൊണ്ട് ഒരു സ്കൂൾ ആരംഭിച്ചു. കൂടാതെ ഇടയാറന്മുള മാർത്തോമ്മാ ഹൈസ്കൂൾ സ്ഥാപനത്തിനും മുഖ്യപങ്കുവഹിച്ചതും സാധു കൊച്ചുകുഞ്ഞായിരുന്നു. ഇടവകയുടെ നിർബന്ധത്തിനു വഴങ്ങി സ്കൂളിന്റെ മാനേജരായും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്.

തെന്നിന്ത്യാ മോക്ഷപ്രയാണസംഘം എന്ന പേരിൽ ഒരു സംഘടന അദ്ദേഹം രൂപവൽകരിച്ചിട്ടുണ്ട്. മുഖ്യ പ്രസംഗികനായ റവ. റ്റി. വോക്കർ സായിപ്പ് തിരുനെൽവേലിയിൽ താമസിച്ചിരുന്ന മിഷൻ ബംഗ്ലാവിൽവച്ചാണ് ആരംഭിച്ചത്. ലോകാവസാനവും ക്രിസ്തുവിന്റെ പുനരാഗമനവും വിളിച്ചറിയിക്കുന്നതിനു യുഗാന്ത മിഷൻ എന്നൊരു സംഘം രൂപീകരിച്ചു. യുഗന്തമിഷന്റെ ആദ്യപ്രവർത്തകനായി നിയമിച്ചത് ജോർജ്ജ് കാക്കനാടനെയായിരുന്നു (പ്രസിദ്ധ സാഹിത്യകാരനായ ശ്രീ കാക്കനാടന്റെ പിതാവ്).

അസ്വാസ്ഥ്യങ്ങൾ കൂടെക്കൂടെ ശരീരത്തെ അലട്ടിക്കൊണ്ടിരുന്നു. ഭക്ഷണക്രമം ഭേദപ്പെടുത്തുന്നതിനും ചികിത്സകൾ ചെയ്യുന്നതിനും പലഭാഗത്തുനിന്നും സമ്മർദ്ദങ്ങൾ ഉണ്ടായി, ഒരു ഘട്ടത്തിൽ അതിഭയങ്കരമായ വായുക്ഷോഭവും വയറ്റിൽ വേദനയും അനുഭവപ്പെട്ടു. ചിരകാലസുഹൃത്തായ വൈദ്യകലാനിധി എം.സി.

ജോൺ ഉപദേശിയെ സന്ദർശിച്ചു. പുളിയിട്ട് കറിവെച്ച മീൻ കൂട്ടിയാൽ വായുക്ഷോഭം ശമിച്ചേക്കുമെന്ന് നിർദ്ദേശിക്കുകയുണ്ടായി. എന്നാൽ വ്രതങ്ങളിൽനിന്ന് വ്യതിചലിക്കുവാൻ ഉപദേശി ഒരുക്കമായിരുന്നില്ല.

ഒരിക്കൽ ശാരീരികാസ്വാസ്ഥ്യത്തോടെ കിടപ്പിലായപ്പോൾ ആ മനസ്സ് സ്വയം ചോദിച്ചു. എന്തേ ഇങ്ങനെ കിടക്കുവാൻ ഇതു പതിവില്ലല്ലോ. പ്രാർത്ഥനയിലൂടെ തിരുഹിതം തേടിയിരുന്ന സാധു മൂന്നു ദിവസം ഉപവസിച്ചു. ഒടുവിൽ തിരുഹിതം ബോധ്യമായി മരണം തന്നേ സമീപിച്ചിരിക്കുന്നു. സാധു തന്റെ പ്രിയ ശിഷ്യനായ ചാക്കോയോടു പറഞ്ഞു ഞാൻ മരിച്ചുപോകും അന്ത്യാഭിലാഷങ്ങൾ അറിയിച്ചു. മരണാന്തര കർമ്മങ്ങൾ പോലും വ്യക്തമായി പറഞ്ഞു, വെള്ള മുണ്ടും ഷർട്ടും ഒരുക്കി വയ്ക്കുന്നതിന് ആവശ്യപ്പെട്ടു.

സാധുവിന്റെ ക്ഷേമം അന്വേഷിച്ചു അടുത്തുനിന്നും അകലെനിന്നും പ്രിയപ്പെട്ടവരും സ്നേഹിതരും മൂത്താമ്പക്കലേക്ക് വന്നുകൊണ്ടിരുന്നു. അവരുടെ അന്വേഷണങ്ങൾക്ക് സാധു ശാന്തമായി മറുപടിപറഞ്ഞു, ഒപ്പം ഒരു നിർദ്ദേശവും സന്ദർശകരെ ഓർമ്മിപ്പിച്ചിരുന്നു, ആരെങ്കിലും രോഗവിവരം അന്വേഷിച്ചാൽ, ശാന്തമായി കിടക്കുന്നു എന്നു പറയണം.

1121-ാംമാണ്ട് വൃശ്ചികം പതിനാലാം തീയതി വ്യാഴാഴ്ച, സംസ്കാരം സംബന്ധിച്ച് തന്റെ അന്ത്യ അഭിലാക്ഷങ്ങൾ ഒരു പെൻസിൽ കൊണ്ട് രേഖപ്പെടുത്തി വച്ചു. പ്രാർത്ഥനകളും പാട്ടുകളുമായി വ്യാഴാഴ്ച രാത്രിയും കടന്നുപോയി. ചാർച്ചക്കാരും സ്നേഹിതരും മൂത്താമ്പക്കൽ തന്നെ കഴിച്ചുകൂട്ടി. പതിനഞ്ചാം തീയതി വെള്ളിയാഴ്ച രാവിലെ ഭാഗ്യമമേറും കനാൻ നാടതിൽ....., കർത്തൃകാഹളം യുഗാന്ത്യകാലത്തിൽ.... എന്നീ പാട്ടുകൾ പാടണമെന്ന് സാധു ആവശ്യപ്പെട്ടു. ആപ്രത്യാശയുടെ ഗാനം കേട്ടപ്പോൾ സാധുവിന്റെ കണ്ണുകൾ തിളങ്ങി. ഏഴരമണിയോടുകൂടി കുറച്ചു ശുദ്ധജലമെടുത്തു നാവ് നനയ്ക്കുന്നതിന് തുനിഞ്ഞപ്പോൾ പകൽ ജലപാനം ചെയ്യാറില്ലല്ലോ എന്നു പറഞ്ഞു. ഭാര്യയും മക്കളും കൊച്ചുമക്കളും ശിഷ്യന്മാരിൽ ചിലരും കിടക്കയ്ക്കരുകിൽ തന്നെയുണ്ട്. അടക്കാനാവാത്ത ദുഃഖം അവരുടെ കണ്ണുകളിലൂടെ നിറഞ്ഞു തുളുമ്പി... ചിലർ വിതുമ്പി കരഞ്ഞു. സാധു അവരെ ധൈര്യപ്പെടുത്തി എടാ പിള്ളാരേ, നിങ്ങൾ എന്തിനാണ് ബഹളമുണ്ടാക്കുന്നത്. ഇതുവരെയും എന്നെ വിശ്വസ്തതയോടെ നടത്തിയ നല്ലവനായ ദൈവം നിങ്ങളെയും നടത്തും. പ്രത്യാശയുടെ ഗനങ്ങൾ പാടി നിമിഷങ്ങൾ ഒന്നൊന്നായി കടന്നുപൊയ്ക്കോണ്ടിരുന്നു.

സാധു കൈയ്യും കാലും സാവധാനം നിവർത്തി, പ്രയപ്പെട്ടവരുടെ തേങ്ങലിന്റെ സ്വരം കേട്ടപ്പോൾ കരഞ്ഞ് എന്നെ അസഹ്യപ്പെടുത്തരുത് എന്ന് പറഞ്ഞു. മൂകത തളം കെട്ടിനില്ക്കുന്ന നിമിഷങ്ങൾ. വളരെ നേരിയ സ്വരത്തിൽ സാധു ചോദിച്ചു ഇതാണോ മരണം.... മരിക്കുന്നില്ല ഞാൻ വിശ്രമിക്കട്ടേ.... ഇരുകൈകളും മുകുളാകൃതിയിൽ നെഞ്ചിൽ ചേർത്തു വച്ചു. അതിനുശേഷം കൈകൾ മുകളിലേക്ക് മന്ദം ഉയർത്തുകയും വീണ്ടും മുമ്പിലത്തെപ്പോലെ നെഞ്ചത്ത് ചേർത്തുവയ്ക്കുകയും ചെയ്തു. സാധു നിത്യതയിലേക്ക് പ്രവേശിക്കുകയായിരുന്നു. ഏക ആശ്രയമായ കർത്താവിനെ എതിരേല്ക്കുന്നതിന് ആ പാവനാത്മാവ് നക്ഷത്രഗോളങ്ങൾക്കപ്പുറത്തേക്ക് യാത്രയായി...

ഇടയാറന്മുള ളാക സെന്തോമസ് മാർത്തോമ്മാ പള്ളി സെമിത്തേരിയിൽ സാധുവിന്റെ മൃതദേഹം സംസ്കരിച്ചു. രണ്ടു മെത്രാൻമാരും നൂറലധികം വൈദികരും ഏകദേശം നാല്പതിനായിരത്തോളം ആളുകളും അദ്ദേഹത്തിന്റെ സംസ്കാര ചടങ്ങിൽ സംബന്ധിച്ചു. സാധുവിന്റെ നിർദേശപ്രകാരം അവിടെ കുറിച്ച് വച്ച വാക്കുകൾ... ആത്മാവു നക്ഷത്രഗോളങ്ങൾക്കപ്പുറം കർത്താവിനെ എതിരേല്പാൻ പോയിരിക്കുന്നു. എന്റെ കർത്താവിന്റെ വരവിൽ ദിവ്യ കൂടിക്കാഴ്ചയിൽ എല്ലാവരുമായി കണ്ടുകൊള്ളാം.....

## Thanks:

Rev. Dr. Mathew Daniel
Thomas John Philip Nalloor
Kuwait Marthoma Church (www.kuwaitmarthoma.com)

**Our Radio:**
www.heavenlyradio.org (+ Heavenly Radio +)

**Our Websites:**
www.thesaintofparumala.com (Parumala Thirumeni)
www.sadhukochukunjuupadesi.com (Sadhu Kochukunju Upadesi)

**Contact:**
**ROSHAN GEORGE**

**Email:**
thesaintofparumala@gmail.com
mail@roshangeorge.me